Official Monthly Bulletin February 2026

# MARIAN




## ST. MARY'S INDIAN ORTHODOX CATHEDRAL

P.O. Box 834, Manama, Kingdom of Bahrain, Tel : 17252980
Email : info@stmarybahrain.com, Web : www.stmarybahrain.com/smiocbh

# MESSAGE FROM Vicars



# ഇടയ സന്ദേശം



മൂന്ന് നോമ്പ് കഴിഞ്ഞ് വലിയ നോമ്പിന് ഇടയിലുള്ള 18 ഇട ദിനങ്ങളിലൂടെയാണ് ആരംഭം ഒന്നാം ആഴ്ച കൊഹനേ ആഴ്ചയാണ്. ആത്മീയ ഉദരമായ മാമ്മോദീസയിലുടെ നമ്മെ വീണ്ടും ജനിപ്പിച്ച നമ്മുടെ ആത്മീയ പിതാക്കന്മാരെ കൃതജ്ഞതയോടെ ഓർക്കുന്നു. രണ്ടാം ആഴ്ച ഈ ജന്മത്തിലേക്ക് നമ്മെ ജനിപ്പിച്ച നമ്മുടെ ശാരീരിക മാതാപിതാക്കളെയും പൂർവ്വികരേയും ഓർക്കുന്ന അനിദേ ആഴ്ചയാകുന്നു.

നോമ്പ് എന്ന വലിയ പോരാട്ടക്കളത്തിലേക്ക് ഇറങ്ങുന്ന ഓരോ പോരാളിയും മുന്നമേ ഈ പോരാട്ടം തികച്ച് വിജയിച്ചവരെ ഓർത്ത് ധൈര്യപ്പെടുന്ന ദിനങ്ങളാണ് ഇത്.

മൂന്നാം ആഴ്ച കൊത്തിനേ ആഴ്ച ആചരണത്തോടെ വി. വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുന്നു. ഞായറാഴ്ച സന്ധ്യാ നമസ്കാരത്തെ തുടർന്ന് ശുബുക്കോനോ ശുശ്രൂഷയും പേത്തൂർത്തയും ആചരിച്ച്, ഒരുക്കത്തോടെ നോമ്പിലേക്കുള്ള പ്രവേശനമാണ് നാം അർത്ഥമാക്കുന്നത്. പേത്തൂർത്ത നോമ്പിന്റെ തലേദിവസം കഴിവതും സമൃദ്ധമായ ഭക്ഷണത്തോടുകൂടി ആഘോഷിക്കുന്ന രീതിയാണിത്. നോമ്പിൽ വിലക്കപ്പെടുന്ന ഭക്ഷണങ്ങൾ കഴിക്കാവുന്ന ദിവസമാണ് പേത്തൂർത്ത സന്ധ്യ. തിരികെ വരിക, കടന്നുപോകുക, അവസാനിപ്പിക്കുക എന്നൊക്കെ അർത്ഥം. ഫ്തർ എന്ന ക്രിയയിൽ നിന്നും ഉത്ഭവിച്ച വാക്കാണ് പേത്തൂർത്ത.

ശുബുക്കോനോ ഈ സുറിയാനി വാക്കിന് ക്ഷമ, അനുരഞ്ജനം എന്നൊക്കെ അർത്ഥം. വലിയ നോമ്പിലെ ആരംഭ ദിനത്തിലും അവസാന ദിനമായ ദുഃഖ ശനിയാഴ്ചയും ഈ ശുശ്രൂഷ നടത്തപ്പെടുന്നു.

യാഗാർപ്പണത്തിനു മുമ്പ് നീ നിന്റെ സഹോദരനുമായി നിരക്കണമെന്നുള്ള കർത്തൃ കൽപ്പനയാണ് ഈ ശുശ്രൂഷയുടെ ആധാരം. ദൈവത്തോടും, സഹോദരങ്ങളോടും അനുരഞ്ജനപ്പെടുവാനുള്ള അവസരമായി കണ്ട്, ഹൃദയ വിശുദ്ധിയോടെ നോമ്പിലേക്ക് പ്രവേശിക്കുവാൻ അർത്ഥപൂർണ്ണമായ ഈ ശുശ്രുഷയിലേക്ക് നമുക്ക് അടുത്തു വരാം.

പ്രാർത്ഥനയോടെ,

ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ
(വികാരി)

ഫാ. തോമസ്കുട്ടി പി.എൻ.
(സഹ വികാരി)



# രക്ഷാകരമായ നോമ്പേ സമാധാനത്തോടെ വരിക

പരിശുദ്ധ സഭ വീണ്ടും നോമ്പിന്റെ സൗരഭ്യകരമായ ദിനങ്ങളിലേക്ക് പ്രവേശിക്കുകയാണ്. ആത്മീക ജീവിതത്തിന്റെ ഉത്കൃഷ്ട ദിനങ്ങളിലേക്കാണ് നാം കടന്നു വരുന്നത്.ആത്മീക ജീവിതത്തിന്റെ വസന്തകാലമാണ് നോമ്പ്.

ഓരോ വസന്തവും, ചെടികളും വൃക്ഷങ്ങളും തളിരിടുന്ന ദിവസങ്ങൾ ആണെങ്കിൽ ആത്മീയ ജീവിതത്തിലെ പുതിയ തളിരുകൾ വിടരുന്ന വസന്തകാലമാണ് പരിശുദ്ധ നോമ്പ്.

നോമ്പിന്റെ പ്രാരംഭ ദിവസത്തിൽ ചൊല്ലുന്ന പ്രാർത്ഥനയുടെ ഏറ്റം പ്രധാനപ്പെട്ട വാക്യമാണ് രക്ഷാകരമായ നോമ്പേ സമാധാനത്തോടെ വരിക എന്നുള്ളത്. നോമ്പ് മനുഷ്യജീവിതത്തിൽ രക്ഷ പ്രദാനം ചെയ്യുന്നു എന്നുള്ള വലിയ സത്യം ആണ് ഈ പ്രാർത്ഥന നമ്മെ ഓർമിപ്പിക്കുന്നത്.മനുഷ്യജീവിതത്തിന്റെ ആരംഭം മുതൽ നോമ്പിന് തിരുവചനം വളരെ പ്രാധാന്യം കൊടുത്തതായി നാം വായിക്കുന്നുണ്ട്. പ്രധാനമായും പഴയ നിയമ ശ്രേഷ്ഠ പുരോഹിതന്മാരും പ്രവാചകന്മാരുമായ മോശയും ഏലിയാവും നാല്പതു ദിവസത്തെ നോമ്പിലൂടെ രക്ഷാകര ജീവിതം നമുക്ക് കാണിച്ചു തന്നു.മോശ നാല്പതു ദിവസത്തെ നോമ്പിലൂടെ മുഖതേജസ് പ്രാപിച്ചപ്പോൾ ഏലിയാവു നാല്പതു ദിവസത്തെ നോമ്പിലൂടെ ദൈവം സാന്നിധ്യം കണ്ടറിയുവാൻ ദൈവ ശബ്ദം കേട്ടറിയുവാൻ ശക്തി നേടി അഗ്നി രഥത്തിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാനുള്ള ഭാഗ്യം ലഭിച്ചു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

പുതിയ നിയമത്തിലേക്ക് കടന്നു വരുമ്പോൾ പുതിയ നിയമ സ്ഥാപന സ്ഥാപകനായ ശ്രേഷ്ഠ മഹാപുരോഹിതനായ നമ്മുടെ രക്ഷകനായ യേശുതമ്പുരാൻ ആ നാൽപത് നോമ്പിന്റെ അനുഷ്ഠാനത്തിലൂടെ നോമ്പനുഷ്ഠാനത്തിന്റെ ആവശ്യകതയെ നമുക്ക് കാണിച്ചു തരികയായിരുന്നു.

യേശുതമ്പുരാൻ നോമ്പനുഷ്ഠിക്കുവാൻ തെരെഞ്ഞെടുത്തത് മരുഭൂമിയുടെ വിജനത ആയിരുന്നു. പിതാക്കന്മാർ അതിന് നൽകുന്ന അർത്ഥം പിശാചിന്റെ കോട്ടയാണ് മരുഭൂമിയെന്നാണ് ലോകം പൈശാചിക ശക്തികൾക്ക് അടിമപ്പെട്ടിരിക്കുമ്പോൾ ലോകത്തെ ആ വലിയ പൈശാചിക ശക്തിയിൽ നിന്നും പാപത്തിൽ നിന്നും മോചിപ്പിക്കുവാൻ പൈശാചിക ശക്തികളുടെ കേദാരമായ പൈശാചിക ശക്തികളുടെ ശക്തമായ കോട്ടയായ മരുഭൂമിയിലേക്ക് നമ്മുടെ കർത്താവ് ഇറങ്ങി ചെല്ലുകയും നാല്പതു ദിവസം ആഹാരവും വെള്ളവും വെടിഞ്ഞ് പ്രാർത്ഥനയോടെ ഉപവസിക്കുകയും ചെയ്തതായി തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

ആ നോമ്പിന്റെ ശക്തിയാൽ തന്റെ ഇഹലോക വ്യാപാര പ്രവർത്തനങ്ങളുടെ പ്രാരംഭമായിത്തന്നെ പൈശാചിക ശക്തിയെ ചെറുത്ത് തോൽപ്പിക്കുവാൻ, സാത്താനെ പരാജയപ്പെടുത്തുവാൻ കർത്താവിന് സാധിച്ചു. ആദ്യമായി രക്ഷയുടെ അരുണോദയം ആ നോമ്പിന്റെ അനുഭവത്തിൽ നാം കാണുന്നു.നോമ്പിലൂടെ രക്ഷയുടെ നവ്യപ്രകാശം ജ്വലിപ്പിക്കുന്ന കർത്താവ് നോമ്പിലൂടെ നമുക്ക് ലഭിക്കുന്ന രക്ഷയെകുറിച്ചാണ് അവിടെ ഓർമിപ്പിക്കുന്നത്.

നമ്മുടെ ആത്മീയ ജീവിതത്തിൽ നോമ്പനുഷ്ഠാനം രക്ഷയെ പ്രദാനം ചെയ്യുന്നതെങ്ങനെ എന്ന് തിരുവെഴുത്തിലൂടെ നാം പഠിക്കുന്നുണ്ട്. മനുഷ്യരാശിയുടെ വീഴ്ചക്കും പാപത്തിനും മരണത്തിനും കാരണമായത്, ഭക്ഷണ ആഗ്രഹമാണെങ്കിൽ ആ ഭക്ഷണ ആഗ്രഹത്തെ വെടിഞ്ഞുകൊണ്ട് ഭക്ഷണത്തോടുള്ള ആഗ്രഹത്തെ ചെറുത്തു തോൽപ്പിച്ചു കൊണ്ട് നോമ്പ് അനുഷ്ഠിക്കുമ്പോൾ പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയാണ് പരിശുദ്ധ നോമ്പ് നമുക്ക് നൽകുന്നത്.

ഇന്നും മനുഷ്യജീവിതത്തിൽ പാപത്തിന് ഹേതുവാകുന്നത് അവന്റെ ചിന്തകളും വിചാരങ്ങളും അവന്റെ പ്രവർത്തികളുമാണ്. ആ ചിന്തകളെയും വിചാരങ്ങളെയും അവന്റെ പ്രവർത്തികളെയും കടിഞ്ഞാണിടുവാൻ പരിശീലിപ്പിക്കുന്നതാണ് നോമ്പ്. ചിന്തകളും പ്രവർത്തികളും നിയന്ത്രിച്ച് ദുരാഗ്രഹങ്ങളയും അത്യാഗ്രഹങ്ങളെയും ദുർമോഹങ്ങളെയും ഒക്കെ വെടിഞ്ഞ് ആത്മീയ ചൈതന്യത്തോടെ നോമ്പ് അനുഷ്ഠിക്കുമ്പോൾ രക്ഷയുടെ കവാടമാണ് നമുക്കായി തുറക്കപ്പെടുന്നത്.

പരിശുദ്ധ സഭയും അതിന്റെ മക്കളും ആ രക്ഷയുടെ കവാടത്തിലേക്കാണ് ഈ നോമ്പിൽ എത്തിച്ചേരുന്നത്. നിനവേ എന്ന് പറയുന്ന മഹാ നഗരത്തിന്റെ രക്ഷയുടെ കാരണം അവരുടെ നാൽപതു ദിവസത്തെ നോമ്പും ഉപവാസവും അനുതാപവും ആയിരുന്നു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്.

നിനവയിലെ ജനങ്ങൾ രാജാവിന്റെ ആജ്ഞ അനുസരിച്ചു രട്ടിലും വെണ്ണീറിലും ഇരുന്നുകൊണ്ട് നാൽപതു ദിവസം ഉപവസിക്കുന്നതായി നാം കാണുമ്പോൾ ജനങ്ങൾ മാത്രമല്ല അവിടുത്തെ മൃഗജാലങ്ങളും എല്ലാ പ്രകൃതിയും ആ ഉപവാസത്തിൽ ഒരുപോലെ പങ്കെടുക്കുകയും ദൈവം അവരെ രക്ഷയുടെ അനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്നതായി അവരുടെ മേൽ വരുത്തും എന്ന് അരുളിച്ചെയ്ത ശിക്ഷയെ നീക്കി രക്ഷയുടെ സുഗന്ധം കൊണ്ട്, രക്ഷയുടെ ഇളം കാറ്റ് കൊണ്ട് അവരെ അനുഗ്രഹിക്കുന്നതായി തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

മീനിന്റെ ഉള്ളിൽ അകപ്പെട്ട യോനാ മൂന്ന് രാവും മൂന്ന് പകലുമാണ് ഉപവാസത്തോടും അനുതാപത്തോടും കൂടെ ദൈവ സന്നിധിയിൽ നിലവിളിക്കുന്നത്. അവന്റെ നോമ്പ്, ഉപവാസവും പ്രാർത്ഥനയും അവന്റെ അന്തരേന്ദ്രിയങ്ങളെ വിശുദ്ധീകരിക്കുമ്പോൾ രക്ഷയുടെ വാതായനങ്ങൾ ദൈവം അവനും തുറക്കുന്നതായി നാം കാണുന്നു.

നമ്മുടെ കർത്താവ് നമുക്കായി തുറന്നിട്ട ഈ നോമ്പിന്റെ വാതിൽ അപ്പോസ്തോലന്മാരും പിതാക്കന്മാരുമൊക്കെ രക്ഷയുടെ വിഹായസിലേക്ക് പ്രവേശിക്കുവാൻ ശക്തമായ ആയുധമായി സ്വീകരിക്കുകയും നോമ്പ് അനുഷ്ഠാനങ്ങളുടെ തീവ്രതയും അതിന്റെ ശക്തിയും നമുക്ക് പകർന്നു നൽകുകയും ചെയ്തിട്ടുണ്ട്.നമ്മെ രക്ഷയുടെ കവാടങ്ങളിലേക്ക് നയിക്കുന്ന നോമ്പ് നമ്മുടെ ജീവിതത്തിനും മഹത്വം പ്രദാനം ചെയ്യുന്നതായി രക്ഷ പ്രദാനം ചെയ്യുന്നതായും തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

റവ. ഫാ. സോലു കോശി
(വികാരി മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ്
ഓർത്തഡോക്സ് പള്ളി, പോരുവഴി, കൊല്ലം ഭദ്രാസനം)

# MESSAGE FROM

# Hon. Trustee & Hon. Secretary





കർത്താവിൽ പ്രിയരെ,

വീണ്ടും ഒരു പുതുവർഷത്തിലേക്ക് നാം പ്രതീക്ഷയോടെ കടന്നുവരികയാണ്, പിന്നിട്ട വർഷം ദൈവം നമുക്ക് തന്ന എല്ലാവിധ അനുഗ്രഹങ്ങൾക്ക് നന്ദിയോടെ ഈ സമയത്ത് നമുക്ക് സ്തുതിക്കാം. പുതുവർഷ ശുശ്രൂഷകളും, ഭരണസമിതിയുടെ അധികാര കൈമാറ്റവും അഭിവന്ദ്യ ഗീവർഗീസ് മാർ തിയോഫിലോസ് തിരുമേനിയുടെ, (അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്താ, ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്താ) നേതൃത്വത്തിൽ അനുഗ്രഹപ്രദമായി നടത്തപ്പെട്ടു, ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ പിതാവിനോടും വന്ദ്യ വൈദികരോടും ഉള്ള ഭക്തിപൂർവമായ നന്ദിയും ആദരവുകളും അറിയിച്ചുകൊള്ളുന്നു അന്നേദിവസം എത്തിച്ചേർന്ന ഇടവക ജനങ്ങൾക്കും, ശുശ്രൂഷയിൽ പങ്കെടുത്ത ശുശ്രൂഷകർ, ഗായകസംഘം അംഗങ്ങൾക്കും, നേർച്ച തയ്യാറാക്കാനും വിതരണത്തിനും സഹായിച്ച എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ജനുവരി 15ന് വിത്തുകളുടെ പെരുന്നാൾ, ജനുവരി 17 ന് സബ്റോ പ്രാർത്ഥന ഇവയെല്ലാം ആത്മീയ ചൈതന്യം നിറഞ്ഞതായിരുന്നു. വിശുദ്ധ മൂന്നു നോമ്പ് ജനുവരി 25 മുതൽ 28 വരെ അനുഗ്രഹമായി നടത്തപ്പെട്ടു. അതിന് നേതൃത്വം നൽകിയ, ബഹുമാനപ്പെട്ട സോലു കോശി അച്ചന്, (മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി, പോരുവഴി, കൊല്ലം ഭദ്രാസനം) സ്നേഹത്തിൻറെ ഭാഷയിൽ നന്ദി അറിയിച്ചുകൊള്ളുന്നു. ഇവയ്ക്കെല്ലാം നേർച്ച നൽകുന്നതിനായി സാമ്പത്തികമായും, അധ്വാനത്താലും സഹകരിച്ച എല്ലാവർക്കും നന്ദി.

മലങ്കരയുടെ സൂര്യതേജസ്സ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ഇരുപതാം ഓർമ്മ അനുഗ്രഹപ്രദമായി നടത്തുവാൻ നമുക്ക് സാധിച്ചു.

2025 വർഷം അനുഗ്രഹപ്രദമായി വികാരിമാരോടൊപ്പം നിന്ന് ഇടവകയെ നയിച്ച ട്രസ്റ്റി ശ്രീ. സജി ജോർജ്ജ്, സെക്രട്ടറി ശ്രീ. ബിനു എം. ഈപ്പനും കൂടെ പ്രവർത്തിച്ച കമ്മിറ്റി മെമ്പേഴ്സ്, വിവിധ സബ് കമ്മിറ്റി മെമ്പേഴ്സ് എന്നിവരെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

ഈ വർഷത്തെ ഇടവകയുടെ പ്രവർത്തനങ്ങൾക്ക് ഏവരുടെയും പ്രാർത്ഥന പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുന്നു.

ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ

ജോൺ കെ.പി.
കത്തീഡ്രൽ ട്രസ്റ്റി

കുരുവിള പാപ്പി (എബി)
കത്തീഡ്രൽ സെക്രട്ടറി


# HOLY QURBANA SCHEDULE

| | | |
|---|---|---|
| Friday | Feb 6, 13, 20, 27 | 6.30 AM |
| Saturday | Feb 7, 14, 21, 28 | 6.15 PM |
| Wednesday | Feb 4, 11 | 6.15 PM |
| Holy Feast of Ma-yeltho | Feb 1 | 6:15 PM |
| Old Church Dedication Day | Feb 14 | 6.15 PM |
| *Perunnal* 92nd Feast of Malankara | Feb 26 | 6.15 PM |
| Sabha Bhasuran-St. Geevarghese Mar Dionysius Vattasseril | Feb 27 | 6.30 AM |
| SPECIAL PRAYERS: Sabro Fasting Prayer | Feb 21 | 10.00 AM |
| SPECIAL PRAYERS: Samarppana Prarthana | Feb 18,25 | 7.00 PM |

# SPIRITUAL ORGANIZATION'S MEETINGS & EVENTS

| Spiritual Organization | Meeting/Acitivity | Timing |
|---|---|---|
| Amoss | Thursdays | After evng. prayer |
| Cathedral Choir | Practice on Mondays | 7.45 PM - 9.30 PM |
| Divyabodhanam | Mondays & Tuesdays | 8.00 PM - 9.30 PM |
| Gavels Club | 2nd & 4th Fridays | 5.00 PM - 6.30 PM |
| MGOCSM | Fridays | 12.30 PM - 1.30 PM |
| Martha Mariam Vanitha Samajam | Thursdays | 6.00 PM - 7.00 PM |
| Medical Auxiliary Forum | First Friday | After Holy Qurbana |
| St. Joseph Elders Forum | Fourth Wednesday | After Holy Qurbana |
| St. Paul's Suvisesha Sangham | Sundays | 7.40 PM - 9.00 PM |
| St. Thomas Orthodox Christian Youth Movement | Saturdays | 8.30 PM - 10.00 PM |
| Sunday School | Fridays | 10.30 AM - 12.30 PM |









# AREA PRAYER MEETING

| DATE & TIME | AREA | HOST & VENUE |
|---|---|---|
| 06/02/2026<br>7:30 PM | Sh. Hamad - Gufool | *Venue :* Church Balcony |
| 06/02/2026<br>7:30 PM | Church Area South | Shibu Cheriyan (Roll No. 103)<br>Mob - 36295020<br>*Venue:* Flat 31, Bld 687, Road 1123<br>Block 311, Salmaniya |
| 06/02/2026<br>8:00 PM | Manama | Mathew Chacko (Roll No. 1605)<br>Mob : 38885709<br>*Venue:* Theophilos Hall |
| 13/02/2026<br>5:00 PM | Gudaibiya - Hoora | Area Get Together |
| 13/02/2026<br>6:00 PM | Church Area North | Sujil Mathew (Roll No. 1631)<br>Mob: 39370423<br>*Venue:* Church Balcony |
| 13/02/2026<br>6:00 PM | Salmabad - Budaiya | Biju Koshy Mathai (Roll No. 952)<br>Mob : 39808290<br>*Venue:* Theophilos Hall |
| 13/02/2026<br>7:30 PM | Muharraq | John Joshua (Roll No 2909)<br>Mob : 38781123<br>*Venue:* Theophilos Hall |
| 20/02/2026<br>5:00 PM | Isa Town - Tubli | Gibu Sam (Roll No. 1558)<br>Mob : 36333494<br>*Venue:* Theophilos Hall |
| 20/02/2026<br>6:00 PM | Adiliya - Um Al Hassam | Mr. Anish Daniel (Roll No. 1667)<br>Mob : 66373154<br>*Venue:* Theophilos Hall |
| 20/02/2026<br>6:00 PM | Salmaniya | Sijimon Rajan (Roll No. 1535)<br>Mob : 39306492<br>*Venue:* Church Balcony |
| 20/02/2026<br>7:30 PM | Khamis - Sehla | Mr. Mathai Pappachen (Roll No. 352)<br>Mob : 3946 9150<br>*Venue:* Theophilos Hall |
| 27/02/2026<br>5:00 PM | Riffa - Sitra | Dr. Prince Pappachan (Roll No. 2387)<br>Mob : 39441063<br>*Venue:* Villa-1548, R : 2551, B : 925, Riffa |
| 27/02/2026<br>7:30 PM | Segaya - Zinj | Binu Varghese (Roll No. 385)<br>Biju Varghese (Roll No. 933)<br>Mob : 39127848<br>*Venue :* Theophilos Hall |

**EDITORIAL BOARD**


CHIEF EDITOR
Richi Mathew Joshua


EDITOR
Romy Vilayil Mathew


EDITOR
Aju K. Daniel

LOKA KERALA SABHA

# 5-ാം ലോക കേരള സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഇടവക അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ


Adv. V.K. Thomas
(Roll No. 163)


Varughese George
(Roll No. 740)


Jacob Mathew
(Roll No. 1436)

# FAREWELL


**Mr. Sunu Thankachan** (Roll No. 1740)


**Ms. Joanna Susan Shibu**
**D/o Mr. Shibu Koshy & Mrs. Jiny Shibu**
(Roll No. 1312)

# NEW MEMBERS



Nikhil Issac Abraham | Mob : 39100625 | Roll No : 3104
Elanjimoottil Earikuzhiyil, Paliakkara P.O,
Thiruvalla, Pathanamthitta - Pin : 689101
Home Parish : St. George Orthodox Church, Paliyakara
Diocese : Niranam | Prayer Group : Khamis-Sehla


Jinu Shaji | Mob : 34050212 | Roll No : 3105
Cheruvathoor Shajis Villa,Chengannur P.O.,
Alappuzha. Pin : 689121
Home Parish : Bethel Mar Gregorios Aramana Church, Chengannur
Diocese : Chengannur | Prayer Group : Khamis-Sehla


Feba Elizabeth Sabu | Mob : 32333450 | Roll No : 3106
Vettinal House, Thazhakkara P. O.
Mavelikara, Alappuzha, Pincode : 690102
Home Parish : Mar Baselios Orthodox Church, Vazhuvady
Diocese : Mavelikara | Prayer Group : Church Area South


Shinu Thankachan | Mob : 33103361 | Roll No : 3107
59-3/9, Mariyamma Nivas, Sagar Layout, 11 M Post,
Bangalore, Karnataka, Pincode : 560076
Home Parish : St Gregorios Orthodox Cathedral, Bangalore
Diocese : Bangalore | Prayer Group : Gudaibiya - Hoora


Dr. Vysakh Johnson | Mob : 33279848 | Roll No : 3108
Kacheril House, Biju Villa, Chandanapally P.O.,
Pathanamthitta, Pincode : 689648
Home Parish : St Thomas Orthodox Church, Chandanappaly
Diocese : Thumpamon | Prayer Group : Manama


Shinoy K. Nelson | Mob : 33372421 | Roll No : 3109
Karipuzha House, Mathoor P.O.
Pathanamthitta, Pincode : 689657
Home Parish : St George Orthodox Valiyapalli, Mathoor
Diocese : Thumpamon | Prayer Group : Muharraq

*"Forever in our hearts, always in our prayers"*

*Our Beloved Pappa*

## 5 Years Since You were called Home

(24th Feb 2021)

*" Isaiah 57:1-2 The righteous perish, and no one takes it to heart;*
*the devout are taken away, and no one understands,*
*that the righteous are taken away to be spared from evil.*
*Those who walk uprightly enter into peace; they find rest as they lie in death."*



# M.M. OOMMAN
## (THANKACHEN)

***Lillykutty Oomman***
***Sunil, Latha, Sheryl & Joshua***
***Biju, Leena, Julia & Jonah***
***Roy, Leny, Meril & Merlin***